**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 313</u>** **<u>07-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>മയക്കുമരുന്ന് കേസുകളിലെ നിയമ, ശിക്ഷാ നടപടികൾ പരിഷ്കരിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ മുൻ വർഷവും ഈ വർഷം ഇതുവരെയും അനധികൃതമായി മയക്കുമരുന്ന് കൈവശം സൂക്ഷിക്കുകയും വിൽപന നടത്തുകയും ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | 2023 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ മയക്കുമരുന്ന് കൈവശം സൂക്ഷിക്കുകയും, വില്പന നടത്തുകയും ചെയ്ത 611 പേർക്കെതിരെ NDPS Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ Small Quantity കേസുകളിൽ 553 പേർക്കെതിരെ 20 (b) (ii) A സെക്ഷൻ പ്രകാരവും, Medium Quantity കേസുകളിൽ 43 പേർക്കെതിരെ 20 (b) (ii) B സെക്ഷൻ പ്രകാരവും, സിന്തറ്റിക് മയക്കുമരുന്ന് ഇടപാടുകളുമായി ബന്ധപ്പെട്ട് 15 പേർക്കെതിരെ 22(C) സെക്ഷൻ പ്രകാരവും കേസെടുത്തിട്ടുണ്ട്.<br><br>ഈ വർഷം സെപ്റ്റംബർ മാസം വരെ 443 പേർക്കെതിരെ NDPS Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 411 പേർക്കെതിരെ 20 (b) (ii) A സെക്ഷൻ പ്രകാരവും, 28 പേർക്കെതിരെ 20 (b) (ii) B സെക്ഷൻ പ്രകാരവും, 4 പേർക്കെതിരെ 22 (C) സെക്ഷൻ പ്രകാരവും കേസെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ തൃശ്ശൂർ ജില്ലയിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | 2023 വർഷത്തിൽ 626 മയക്കുമരുന്ന് കേസുകളും, 2024 വർഷത്തിൽ ഇതുവരെ 458 മയക്കുമരുന്ന് കേസുകളും അടക്കം ആകെ 1084 NDPS കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (സി) | സിന്തറ്റിക് മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള മാരക മയക്കുമരുന്നുകൾ കൈവശം വയ്ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ നടപടി എടുക്കുന്നതിന് നിലവിലുള്ള നിയമ, ശിക്ഷാ നടപടികൾ അപര്യാപ്തമായതിനാൽ മയക്കുമരുന്നു കേസുകളിൽ പിടിക്കപ്പെടുന്നവർ വീണ്ടും ഇത്തരം ഇടപാടുകളിൽ ഏർപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് തടയുന്നതിനായി നിലവിലുള്ള നിയമ, ശിക്ഷാ നടപടികൾ കാലാനുസൃതമായി | (സി) | 1985-ൽ നിലവിൽ വന്ന NDPS (Narcotic Drugs and Psychotropic Substances) Act പ്രകാരമാണ് നിലവിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. നിലവിലെ നിയമപ്രകാരം മയക്ക് മരുന്നുകളെ അവയുടെ അളവ് അടിസ്ഥാനമാക്കി Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന |

| | | | |
|---|---|---|---|
| | പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ഇത്തരം കേസിലെ പ്രതികൾക്ക് ജാമ്യം കിട്ടുമെന്നുള്ളത് എൻ.ഡി.പി.എസ്. നിയമത്തിന്റെ ഒരു പ്രധാന പരിമിതി ആയതിനാൽ, ആയത് ചൂണ്ടികാട്ടി വിവിധ മയക്ക് മരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിച്ച് NDPS നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | 1985-ൽ നിലവിൽ വന്ന NDPS (Narcotic Drugs and Psychotropic Substances) Act പ്രകാരമാണ് നിലവിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. നിലവിലെ നിയമപ്രകാരം മയക്ക് മരുന്നുകളെ അവയുടെ അളവ് അടിസ്ഥാനമാക്കി Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ഇത്തരം കേസിലെ പ്രതികൾക്ക് ജാമ്യം കിട്ടുമെന്നുള്ളത് എൻ.ഡി.പി.എസ്. നിയമത്തിന്റെ ഒരു പ്രധാന പരിമിതി ആയതിനാൽ, ആയത് ചൂണ്ടികാട്ടി വിവിധ മയക്ക് മരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിച്ച് NDPS നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ